**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 3732** — **26.06.2012 -ൽ മറുപടിയ്ക്ക്**

## ഗ്രാമ വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ ( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമവ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ വ്യവസ്ഥപ്രകാരം മദ്യം,മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങൾ, ജന്തുക്കളെ വളർത്തൽ, ട്രാൻസ്പോർട്ട് സർവ്വീസ്, മത്സ്യം, മാംസം തുടങ്ങിയ നെഗറ്റീവ് ലിസ്റ്റിൽ പെടാത്തതും ഗ്രാമപ്രദേശങ്ങളിൽ ആരംഭിക്കുന്നതും മൂലധന ചെലവിന്റെ ഓരോ ലക്ഷം രൂപയ്ക്കും ഒരാൾക്ക് തൊഴിൽ ലഭ്യമാക്കുന്നതുമായ ഏതു വ്യവസായവും ഗ്രാമവ്യവസായങ്ങളുടെ പട്ടികയിൽ പെടുന്നു. |
| (ബി) | ഗ്രാമവ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നവയ്ക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗവൺമെന്റ് നൽകുന്നതെന്നു വ്യക്തമാക്കുമോ; | (ബി) | പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിപ്രകാരം പുതിയ ഗ്രാമവ്യവസായ സംരംഭകർക്ക് മൊത്തം പദ്ധതി ചെലവിന്റെ 35% വരെ സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാർ പദ്ധതിയായ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം പുതിയ ഗ്രാമ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 25% മുതൽ 40% വരെ സബ്സിഡി നൽകുന്നു.<br><br>നിലവിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി ഖാദിബോർഡിന്റെ കീഴിൽ ഇല്ല. |

| | | | |
|---|---|---|---|
| (സി) | ഗ്രാമവ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രവർത്തന മൂലധനം കണ്ടെത്തുവാനും വായ്പയെടുക്കുവാനും എന്റർപ്രണ്വേഴ്സിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ഭാഗത്തുനിന്നും ലഭ്യമാക്കുന്നതെന്നു വ്യക്തമാക്കുമോ; | (സി) | ഖാദിബോർഡിൽ പ്രവർത്തന മൂലധനം മാത്രം നൽകുന്ന പദ്ധതികൾ നിലവിലില്ല. |
| (ഡി) | പ്രവർത്തന മൂലധനത്തിന് മാർജിൻ മണി സഹായം നൽകുന്ന എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്നും മുൻകാലങ്ങളിൽ നടപ്പിലാക്കിയ മാർജിൻ മണി പദ്ധതികളുടെ ഗുണഭോക്താക്കൾക്കെല്ലാം തന്നെ കൃത്യമായി ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) | പ്രവർത്തന മൂലധനത്തിനായി മാത്രം മാർജിൻമണി കൊടുക്കുന്ന പദ്ധതികളില്ല. എന്നാൽ മൊത്തം പദ്ധതി ചെലവിന്റെ 35% വരെ പ്രവർത്തന മൂലധനത്തിന് മാർജിൻ മണി (സബ്സിഡി) നൽകുന്നുണ്ട്. പദ്ധതിയുടെ വ്യവ സ്ഥകൾ പാലിച്ചിട്ടുള്ള മുൻകാല ഗുണഭോ ക്താക്കൾക്ക് നിയമപ്രകാരം മാർജിൻ മണി ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ